## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *306 — 22.08.2017-ൽ മറുപടിക്ക്

## വനിതാ ഷൂട്ടിംങ് താരത്തെ അധിക്ഷേപിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ഷൂട്ടിംങ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; തടഞ്ഞു നിർത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ;<br><br>(ബി) ജർമനിയിൽ വച്ച് നടന്ന ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് ഡൽഹിൽ വന്നിറങ്ങിയപ്പോൾ തന്നെ രേഖകളെല്ലാം പരിശോധിച്ച് യാത്രാനുമതി ലഭിച്ച കുമാരി സെയ്റസ്സ് സ്വന്തം സംസ്ഥാനത്തെ ഏയർപോർട്ടിൽ അധിക്ഷേപം ഏൽക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ മലയാളി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും ദേശീയ ഷൂട്ടിംഗ്താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞ് നിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. വിമാനതാവളത്തിന് അകത്ത് സുരക്ഷാ സംവിധാനങ്ങളുടെ ചുമതല കേന്ദ്ര ഏജൻസികൾക്കാണ്. പ്രസ്തുത സംഭവത്തിന്റെ മറ്റു വിവരങ്ങൾ ലഭ്യമല്ല. |
| (സി) കേരളത്തിനുതന്നെ അപമാനകരമായ പ്രസ്തുത സംഭവം കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

Deepa

സെക്ഷൻ ഓഫീസർ